കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ്
തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

## തിരുത്തൽ വിജ്ഞാപനം

തിരുവനന്തപുരം

നമ്പർ.214/Rect/കെ.ഡി.ആർ.ബി/2018 തീയതി.19.12.2018

**വിജ്ഞാപന തീയതി** **അവസാന തീയതി**

**27.12.2018** **28.01.2019**

കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിൽ ക്ലാർക്ക് / ക്ലർക്ക് കം കാഷ്യർ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വാസമുള്ള ഹിന്ദു മതത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും 03.05.2018-ലെ കാറ്റഗറി നമ്പർ 13/2018 വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ഈ തസ്തികയുടെ യോഗ്യതൾ നൽകിയിരുന്നത് ഇപ്രകാരമാണ്.

1. A degree from a recognised University with 50% or above marks for Science graduates and 45% or above marks for graduates in other subjects.
2. Diploma in Computer Application obtained after a Course of study with not less than six months duration or equivalent recognised by Government.

ഇവ രണ്ടും അവശ്യ യോഗ്യതകളായാണ് വിജ്ഞാപനം ചെയ്തിരുന്നത്. എന്നാൽ ഈ വിജ്ഞാപന പ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ചപ്പോൾ ബി.ടെക്-കമ്പ്യൂട്ടർ സയൻസ്, ബി.എസ്.സി-കമ്പ്യൂട്ടർ സയൻസ്, ബി.കോം-കമ്പ്യൂട്ടർ സയൻസ്, ബി.സി.എ, എം.സി.എ തുടങ്ങിയ കമ്പ്യൂട്ടർ അധിഷ്ഠിത ബിരുദ യോഗ്യതകളും പാഠ്യ പദ്ധതിയിൽ കമ്പ്യൂട്ടർ സയൻസ് ഉൾപ്പെട്ട മറ്റ് ബിരുദ യോഗ്യതകളും മാത്രമുള്ളവരുടെ ധാരാളം അപേക്ഷകൾ ലഭിച്ചതായി കണ്ടു. എന്നാൽ കമ്പ്യൂട്ടർ അധിഷ്ഠിത യോഗ്യതയുള്ളവരുടെ അപേക്ഷകൾ ഡി.സി.എ യോഗ്യത ഇല്ല എന്ന കാരണത്താൽ നിരസിക്കുന്നത് നീതിയുക്തമല്ലെന്ന് കണ്ട സാഹചര്യത്തിൽ സർക്കാർ 28.11.2018-ലെ ജി.ഒ.(പി)നമ്പർ 77/2018/RD ഉത്തരവ് പ്രകാരം ഈ തസ്തികയുടെ യോഗ്യതയിൽ നിന്നും മുകളിൽ സൂചിപ്പിച്ച രണ്ടാമത്തെ യോഗ്യതയായ ഡി.സി.എ ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിച്ചു. ഡി.സി.എ യോഗ്യത ഇല്ലാത്തതിനാൽ 03.05.2018-ലെ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് വിജ്ഞാപന പ്രകാരം അപേക്ഷിക്കാൻ സാധിക്കാതിരുന്ന നിശ്ചിത ശതമാനം മാർക്കുള്ള എല്ലാ ബിരുദധാരികൾക്കും അപേക്ഷ സമർപ്പിയ്ക്കുവാൻ അവസരമൊരുക്കുന്നതിന് വേണ്ടിയാണ് ഈ തിരുത്തൽ വിജ്ഞാപനം. എന്നാൽ വിദ്യാഭ്യാസ യോഗ്യത മുൻ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടിയിരുന്ന അവസാന തീയതിയായ 04.06.2018-ന് മുൻപ് നേടിയതായിരിക്കണം. 03.05.2018-ലെ വിജ്ഞാപന പ്രകാരം സ്വീകാര്യമായ അപേക്ഷ സമർപ്പിച്ചവർ ഈ തിരുത്തൽ വിജ്ഞാപന പ്രകാരം വീണ്ടും അപേക്ഷിക്കേണ്ടതില്ല. 3.05.2018-ലെ വിജ്ഞാപനത്തിലെ മറ്റു വ്യവസ്ഥകൾക്ക് യാതൊരു മാറ്റവും ഇല്ല. ഔദ്യോഗിക വെബ്സൈറ്റായ

**www.kdrb.kerala.gov.in**-ലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

| | | |
|---|---|---|
| 1. | കാറ്റഗറി നമ്പരും വർഷവും | **13/2018** |
| 2. | തസ്തികയുടെ പേര് | **ക്ലർക്ക് /ക്ലർക്ക് കം കാഷ്യർ** |
| 3. | ദേവസ്വം ബോർഡിന്റെ പേര് | **കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്** |
| 4. | ശമ്പള സ്കെയിൽ | **രൂപ 13210-22360** (ശമ്പള പരിഷ്കരണത്തിന് മുമ്പുള്ള നിരക്ക്) |
| 5. | യോഗ്യതകൾ | A degree from a recognised University with 50% or above marks for Science graduates and 45% or above marks for graduates in other subjects. |
| | ഒഴിവുകളുടെ എണ്ണം<br>കുറിപ്പ് :1 | 7( ഏഴ്)<br>മുകളിൽ കാണിച്ചിരിക്കുന്ന ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുമ്പോൾ ഉണ്ടായേക്കാവുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. |
| 7. | നിയമന രീതി | നേരിട്ടുള്ള നിയമനം |
| 8. | പ്രായ പരിധി | **18 - 36 ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2000 നും** ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും മറ്റു പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവർക്കും നിയമാനുസൃതമായ വയസ്സിളവ് ലഭിക്കുന്നതാണ്. **(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)** |
| 9. | അപേക്ഷ ഫീസ് -<br>തുകയും അടയ്ക്കേണ്ട രീതിയും | രൂപ 750/-(എഴുനൂറ്റിയൻപതു രൂപ മാത്രം) പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് രൂപ 500/- (അഞ്ഞൂറ് രൂപ മാത്രം) (കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള |

| | | |
|---|---|---|
| | | വെബ്പോർട്ടലിലെ പേമെന്റ് ഗേറ്റ് വേ വഴി ഓൺലൈനായി തുക അടയ്ക്കേണ്ടതാണ്.) |
| 10. | അപേക്ഷ അയയ്ക്കേണ്ട വിധം | ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പായി കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.kdrb.kerala.gov.in**-ൽ ഒറ്റത്തവണ രജിസ്ട്രേഷൻ രീതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വെബ്സൈറ്റിന്റെ ഹോം പേജിലുള്ള "APPLY ONLINE"എന്ന ലിങ്കിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ യൂസർ ഐഡിയും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ് ലോഡ് ചെയ്യുന്ന ഫോട്ടോ മൂന്നു മാസത്തിനകം എടുത്തത് ആയിരിക്കണം ഒരിക്കൽ അപ് ലോഡ് ചെയ്ത ഫോട്ടോ തുടർന്നുള്ള അപേക്ഷ സമർപ്പിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. പ്രൊഫൈലിലെ പ്രിന്റ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ ഉദ്യോഗാർത്ഥിക്ക് താൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കാവുന്നതാണ്. പാസ്സ് വേർഡ് രഹസ്യമായി സൂക്ഷിക്കേണ്ടതും പ്രൊഫൈലിൽ നൽകിയിരിക്കുന്ന വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിനു മുമ്പും തന്റെ പ്രൊഫൈലിൽ ഉൾകൊള്ളിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. റിക്രൂട്ട്മെൻറ് ബോർഡുമായുള്ള കത്തിടപാടുകളിലും യൂസർഐഡി പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. റിക്രൂട്ട്മെൻറ് ബോർഡിന് മുൻപാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ താല്ക്കാലികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുന്നതിനോ, അപേക്ഷ പിൻവലിക്കുന്നതിനോ കഴിയുകയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏത് അവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിപരീതമായി കാണുന്ന പക്ഷം നിരുപാധികം നിരസിക്കപ്പെടുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, പരിചയം, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ |

| | | |
|---|---|---|
| | | പകർപ്പുകൾ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. നിശ്ചയിച്ചിട്ടുള്ള അപേക്ഷാഫീസ് തുക കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്പോർട്ടലിലൂടെ ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഡി.ഡി ആയോ മണി ഓഡറായോ ചെലാൻ മുഖാന്തിരമോ മറ്റേതെങ്കിലും രീതിയിലോ അപേക്ഷഫീസ് അടയ്ക്കുവാൻ പാടില്ല. **ഒരിക്കൽ അടച്ച അപേക്ഷാഫീസ് ഒരു കാരണവശാലും മടക്കി നൽകുന്നതല്ല.** |
| 11. | മറ്റ് നിർദ്ദേശങ്ങൾ | 03.05.2018-ലെ കാറ്റഗറി നം.13/2018 വിജ്ഞാപന പ്രകാരം സ്വീകാര്യമായ അപേക്ഷ സമർപ്പിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. 3.05.2018-ലെ വിജ്ഞാപനത്തിലെ മറ്റു വ്യവസ്ഥകൾക്ക് യാതൊരു മാറ്റവും ഇല്ല. |
| 12. | അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി | **28.01.2019** അർദ്ധരാത്രി 12 മണി വരെ |
| 13. | അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം | www.kdrb.kerala.gov.in |

**ഫോട്ടോ, ഐ.ഡി കാർഡ്, വയസ്സിളവ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് വിജ്ഞാപനത്തിന്റെ പാർട്ട്-II -ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നിർബന്ധമായി നോക്കുക.**

ഒപ്പ്
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ്

കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001 e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

## ലഘു തിരുത്തൽ വിജ്ഞാപനം

തിരുവനന്തപുരം

നമ്പർ.214/Rect/കെ.ഡി.ആർ.ബി/2018 തീയതി. 19.12.2018

**വിജ്ഞാപന തീയതി** **27.12.2018**

**അവസാന തീയതി** **28.01.2019**

കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിൽ ക്ലാർക്ക് / ക്ലർക്ക് കം കാഷ്യർ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വാസമുള്ള ഹിന്ദു മതത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും 03.05.2018-ലെ കാറ്റഗറി നമ്പർ 13/2018 വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ഡിഗ്രിയും, ഡി.സി.എയും ഈ തസ്തികയിലേയ്ക്കുള്ള അവശ്യ യോഗ്യതകളായാണ് വിജ്ഞാപനം ചെയ്തിരുന്നത്. എന്നാൽ ഈ വിജ്ഞാപന പ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ചപ്പോൾ ബി.ടെക് കമ്പ്യൂട്ടർ സയൻസ്, ബി.എസ്.സി-കമ്പ്യൂട്ടർ സയൻസ്, ബി.കോം-കമ്പ്യൂട്ടർ സയൻസ്, ബി.സി.എ, എം.സി.എ തുടങ്ങിയ കമ്പ്യൂട്ടർ അധിഷ്ഠിത ബിരുദ യോഗ്യതകളും പാഠ്യ പദ്ധതിയിൽ കമ്പ്യൂട്ടർ സയൻസ് ഉൾപ്പെട്ട മറ്റ് ബിരുദ യോഗ്യതകളും മാത്രമുള്ളവരുടെ ധാരാളം അപേക്ഷകൾ ലഭിച്ചതായി കണ്ടു. എന്നാൽ കമ്പ്യൂട്ടർ അധിഷ്ഠിത യോഗ്യതയുള്ളവരുടെ അപേക്ഷകൾ ഡി.സി.എ ഇല്ല എന്ന കാരണത്താൽ നിരസിക്കുന്നത് നീതിയുക്തമല്ലെന്ന് കണ്ട സാഹചര്യത്തിൽ സർക്കാർ 28.11.2018-ലെ ജി.ഒ.(പി) നമ്പർ 77/2018/RD ഉത്തരവ് പ്രകാരം ഈ തസ്തികയുടെ യോഗ്യതയിൽ നിന്നും മുകളിൽ സൂചിപ്പിച്ച രണ്ടാമത്തെ യോഗ്യതയായ ഡി.സി.എ ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിച്ചു. DCA ഇല്ലാത്തതിനാൽ 03.05.2018-ലെ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് വിജ്ഞാപന പ്രകാരം അപേക്ഷിക്കാൻ സാധിക്കാതിരുന്ന നിശ്ചിത ശതമാനം മാർക്കുള്ള എല്ലാ ബിരുദധാരികൾക്കും അപേക്ഷ സമർപ്പിയ്ക്കുവാൻ അവസരമൊരുക്കുന്നതിന് വേണ്ടിയാണ് ഈ തിരുത്തൽ വിജ്ഞാപനം. എന്നാൽ വിദ്യാഭ്യാസ യോഗ്യത മുൻ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടിയിരുന്ന അവസാന തീയതിയായ 04.06.2018-ന് മുൻപ് നേടിയതായിരിക്കണം. 03.05.2018-ലെ വിജ്ഞാപന പ്രകാരം സ്വീകാര്യമായ അപേക്ഷ സമർപ്പിച്ചവർ ഈ തിരുത്തൽ വിജ്ഞാപന പ്രകാരം വീണ്ടും അപേക്ഷിക്കേണ്ടതില്ല. 3.05.2018-ലെ വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകൾക്ക് യാതൊരു മാറ്റവും ഇല്ല.

**I. കാറ്റഗറി നമ്പർ - 13/2018- ക്ലർക്ക് /ക്ലർക്ക് കം കാഷ്യർ** ശമ്പള നിരക്ക് 13210-22360; (ശമ്പള പരിഷ്കരണത്തിനു മുമ്പുള്ളത് )ഒഴിവുകൾ 7 (ഏഴ്); യോഗ്യത- A degree from a recognised University with 50% or above marks for Science graduates and 45% or above marks for graduates in other subjects. ഫീസ് രൂപ 750/-,(എഴുനൂറ്റിഅൻപത് രൂപ മാത്രം) പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് രൂപ 500/-(അഞ്ഞൂറ് രൂപ മാത്രം)

അപേക്ഷ സമർപ്പിക്കുന്നതിനും വിശദ വിവരങ്ങൾക്കും www.kdrb.kerala.gov.in എന്ന ഔദ്യോഗിക വെബ്സൈറ്റ് നോക്കുക.

(ഒപ്പ്)
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്